ശ്രീ. പൌലോസ് പൈലി ഇപ്പോൾ ഫ്രീമൂവ്മെൻറ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇപ്പോഴത്തെ സ്റ്റോക്ക് പൊസിഷൻ അനുസരിച്ച് ഫ്രീമൂവ്മെൻറ് അനുവദിച്ചാൽ മറ്റു ചില വൈഷമ്യങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് അതു് എക്സർസൈസ് ചെയ്യില്ല എന്നേയുള്ളൂ.

ശ്രീ. പൌലോസു പൈലി: ഇക്കൊല്ലത്തിൽ മാത്രം ഇപ്രകാരം ഫ്രീമൂവ്മെൻറ് അനുവദിക്കാഞ്ഞതെന്തുകൊണ്ടാണു്?

ശ്രീ. കെ. എം. കോര: അവിചാരിതമായി സ്റ്റോക്ക് പൊസിഷൻ കുറഞ്ഞുപോയതുകൊണ്ടു് അങ്ങിനെ ഒരു തീരുമാനം ചെയ്യേണ്ടിയുള്ളൂ.

ശ്രീ. പൌലോസു് പൈലി: ഇപ്പോൾ അതു സംബന്ധിച്ചു് വല്ല തീരുമാനവുമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഞാൻ മുമ്പടി പറഞ്ഞ കൂട്ടത്തിൽ തന്നെ അങ്ങനെ ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു.

Sri. D. Gnanasigamoni: How does this prohibition of free movement improve stock position?

Sri. K. M. Korah: There is this possibility. When the stock position has considerably deteriorated, naturally paddy from other sources may go outside the area.

Sri. D. Gnanasigamoni: Then am I to understand that it is able to procure beyond what is procured under the rules?

Sri. K. M. Korah: That does not arise.

Sri. D. Gnanasigamoni: That is why I want to know how this prohibition would improve the stock position?

Sri. K. M. Korah: That is, the paddy that we are entitled to get from the cultivator may also go along with the other paddy. That is the difficulty.

ഗവൺമെൻറ് സർവ്വീസിലെ പകരക്കാർ

*൧൪൨. (൫൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഒക്കിംഗുകാർ ദീർഘകാല അവധി എടുത്താൽ ഇൻക്രിമെൻറ് കിട്ടുകയില്ലെന്ന സർവ്വീസ് റഗുലേഷനിൽ ഒരു ഭേദഗതി വരുത്തിയിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): ഉണ്ടു്. ഒക്കിംഗുകാർ ദീർഘകാലഅവധി എടുത്താൽ ഇൻക്രിമെൻറ് കണക്കാക്കുകയില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: ദീർഘകാല അവധി എന്നു പറഞ്ഞാൽ അതു് എത്രയെന്നു് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതു് സിക്കലീവു് മുതലായവയെ സംബന്ധിച്ചുള്ളതാണു്.

ശ്രീ. എ. കെ. പാപ്പുപിള്ള: അവ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതെല്ലാം ടി. എസ്. ആർ-ൽ ഉള്ളതാണു്.

ഇരവിപുരം—ആയുർറോഡ്

*൧൪A. (൫൬) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം ഡിവിഷനിലും അഡ്വർ ഡിവിഷനിലും പെട്ട ഇരവിപുരം—തയ്യൂർ റോഡ് സഞ്ചാരയോഗ്യമാക്കി കിട്ടണമെന്ന കാണിച്ച് പൊതുജനങ്ങളിൽനിന്നും എന്തെങ്കിലും പരാതികൾ ബഹുമാനപ്പെട്ട ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ?

(ബി) പ്രസ്തുത റോഡിൽ കണ്ണനല്ലൂർ മാക്കറുമുതൽ കിഴക്കോട്ട് മുട്ടയ്ക്കാവുവരെയുള്ള ഭാഗം ശരിയാക്കുവാൻവേണ്ടി ബഡ്ജറ്റിൽ തുക തകാള്ളിച്ചിട്ടും ബഡ്ജറ്റ വർഷത്തിൻെറ പകുതി സമയം കഴിഞ്ഞിട്ടുപോലും ഇതുവരെ അതിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു് ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ഉത്തരം തയാറായിട്ടില്ല.

TUBERCULOSIS HOSPITALS

*143 [57] **Sri. C. V. Iyyu:** Will the hon. Minister for Public Health be pleased to answer:

(*a*) the taluk-war free inpatients (general ward) in the tuberculosis hospitals at Mulakunnathukavoo and Nagercoil showing the figures of each hospital separately;

(*b*) the number of inpatients in the pay ward on taluk-war basis in each of the above hospitals showing figures separately ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): അതിൻെറ വിവരങ്ങൾ അനേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. വി. ഇയ്യു: അതെന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഈ സഭ തീരുന്നതിനു മുമ്പുതന്നെ ഉത്തരം പറയാം.

TEACHERS RECRUITED FROM PRIVATE SCHOOLS

*144 [58] **Sri. N. P. Varghese:** Will the hon. Minister for Education be pleased to state:

(*a*) whether Government are in receipt of any representation from the Departmental teachers recruited from private schools that in fixing their rank, salary and pension, their private school service also should be considered;

(*b*) have Government made any decision in the matter that 50 % of their total private school service will be computed in fixing their rank, salary and pension; and

(*c*) have any steps been taken to implement the decision ?

Minister for Education and Revenue **(Sri. L. M. Pylee):** (a) Yes. Mainly regarding pension.

(*b*) No.

(*c*) Does not arise.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ കമ്മിറ്റ്മെൻറ് ആലോചനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. തീരുമാനം എന്നത്തേക്കുണ്ടാകുമെന്നു പ്രതീക്ഷിക്കാം.

ശ്രീ. എൽ. എം. പൈലി: ആലോചനയിൽ ഇരിക്കുകയാണു്.

SALARIES OF PRIMARY SCHOOL TEACHERS

*145. [59] **Sri. N. P. Varghese:** Will the hon. Minister for Education be pleased to state.—

(*a*) the salary of a Departmental Primary School teacher;

LIBRARY ARCHIVES Kerala Legislative Assembly